# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 257 — 23/01/2018-ൽ മറുപടിക്ക്

## വാഹന അപകടങ്ങളിൽ സ്വകാര്യ ആശുപത്രിയിലെ ചികിത്സാ ചെലവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ ഗുരുതര പരിക്ക് പറ്റുന്നവർക്ക് സമീപത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയാൽ ചെലവ് സർക്കാർ വഹിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ), ബി) & സി) | സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ ഗുരുതര പരിക്ക് ഏൽക്കുന്നവർക്ക് ട്രോമാ കെയർ ഉൾപ്പെടെയുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുന്നതിന് സ്വകാര്യ ആശുപത്രികളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് കേന്ദ്രീകൃത സ്വഭാവത്തോടെ ഗുണനിലവാരം ഉറപ്പാക്കുന്നതും മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുന്നതുമായ ജി.പി.എസ് നിയന്ത്രിത ആംബുലൻസ് സർവ്വീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അപകടത്തിൽപ്പെടുന്നവർക്ക് സുവർണ്ണ മണിക്കൂറിൽ (Golden Hour) സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സ ലഭ്യമാക്കുന്നതിനും ഇതിലേക്ക് ആവശ്യമായി വരുന്ന തുക ഇൻഷുറൻസ് കമ്പനികളുടെ സഹായത്തോടെ മുൻകൂട്ടി ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്നു. ആംബുലൻസ് സർവ്വീസിന്റെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ക്രോഡീകരിച്ചും, അടിയന്തിര സാമ്പത്തിക സഹായത്തിന്റെ തോത് നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ആബുലൻസ് സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന് താൽപ്പര്യപത്രം (EOI - Expression of interest) ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ സാമ്പത്തിക വശങ്ങളും കൂടി പരിഗണിച്ച് സമഗ്രമായ പദ്ധതി നിർവ്വഹണത്തിനാണ് സർക്കാർ ശ്രമിച്ച് വരുന്നത്. |
| ബി) | ഏതൊക്കെ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കാണ് സഹായം നൽകുന്നതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ; | | |
| സി) | ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കാർ തീരുമാനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ